**ക്രമപ്രശ്നം**

2019-ലെ കേരള ധനകാര്യ ബിൽ സെക്ഷൻ 33 A ചേർക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ധനകാര്യ ബില്ലിന്റെ സെക്ഷൻ 4 (3) പ്രകാരം കേരള സ്റ്റാമ്പ് ആക്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 33 A വകുപ്പ് പുതിയതായി ഇതിനോട് കൂട്ടിച്ചേർക്കുന്ന ഭേദഗതിയാണ്. ഈ ഭേദഗതി 1908-ലെ രജിസ്ട്രേഷൻ ആക്ടിന്റെ സെക്ഷൻ 60, 61 എന്നിവയുടെ വയലേഷനാണ്. അതുകൊണ്ട് 33 A പിൻവലിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇത് 1959-ലെ കേരള സ്റ്റാമ്പ് ആക്ട് ഭേദഗതി ചെയ്യുകയാണെന്ന വ്യാജേന 1908-ലെ സെൻട്രൽ രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുന്ന തരത്തിലാണ് കൊണ്ടുവന്നിട്ടുള്ളത്. സെൻട്രൽ ആക്ട് ഭേദഗതി ചെയ്യുവാൻ ശ്രമിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമായിവരും. അത് ഒഴിവാക്കാൻ ഇതിനകത്ത് സെൻട്രൽ ആക്ടിൽപ്പെട്ട ഒരു വിഷയം കൂട്ടിച്ചേർത്ത് സ്റ്റാമ്പ് ആക്ടിലൂടെ കൊണ്ടുവന്നിരിക്കുകയാണ്. സ്റ്റാമ്പ് ആക്ടിന്റെ 45 A വകുപ്പ് പ്രകാരം രജിസ്ട്രേഷന് ഹാജരാക്കപ്പെട്ട ഡോക്യുമെന്റിൽ കുറ്റങ്ങളോ കുറവുകളോ ഉണ്ടോയെന്ന് പരിശോധിക്കേണ്ടത് രജിസ്റ്ററിംഗ് ഓഫീസറുടെ ബാധ്യതയാണ്. പുതിയതായ 33 A വകുപ്പ്

പാസ്സാവുകയാണെങ്കിൽ, രജിസ്റ്ററിംഗ് ഓഫീസർ വെരിഫൈ ചെയ്ത്; സാറ്റിസ്ഫൈ ചെയ്ത്; രജിസ്റ്റർ ചെയ്ത് കൊടുത്തിട്ടുള്ളൊരു ഡോക്യുമെന്റ് ഏത് വ്യക്തിക്കുവേണ്ടിയാണോ രജിസ്റ്റർ ചെയ്തത് ആ വ്യക്തിയുടെ ബാധ്യതയായി മാറുകയാണ്. ഈ ഡോക്യുമെന്റ് ഹാജരാക്കുന്നതിന് മടികാണിക്കുകയാണെങ്കിൽ അതിന്റെ ശരിപകർപ്പ് ഒർജിനലാണെന്ന് ധരിച്ച് impound (ജപ്തി) ചെയ്ത് ആ പ്രമാണം തന്നെ രജിസ്റ്ററിംഗ് അതോറിറ്റി കൈവശപ്പെടുത്തുന്ന സാഹചര്യമുണ്ട്. ഇതിൽ ഒരു ഹിയറിംഗ് വച്ചിട്ടുണ്ട്. അത് രജിസ്റ്റർ ചെയ്ത അതേ ഉദ്യോഗസ്ഥൻ തന്നെയാണ് നടത്തുന്നത്. ഇത് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ അഴിമതി നടത്തിക്കൊടുക്കുവാനുള്ള സൗകര്യമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് 33 A വകുപ്പ് അതിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. സെൻട്രൽ ആക്റ്റിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്, Registration of the document shall thereupon be deemed complete. അങ്ങനെ complete ആക്കപ്പെട്ട ഒരു രജിസ്ട്രേഷൻ fully stamped ആണോ അല്ലയോ എന്ന് നോക്കേണ്ടത് registering authority-യുടെ ബാധ്യതയാണ്. ആ വെരിഫിക്കേഷനിൽ വീണ്ടും സ്റ്റാമ്പിന്റെ deficit

ഉണ്ടെങ്കിൽ അതിന് ഏഴ് ദിവസം മുഴുവനായി അനുവദിച്ച് കൊടുത്തശേഷമാണ് രജിസ്ട്രേഷൻ നടക്കുന്നത്. മാത്രമല്ല, പത്ത് വർഷം വരെയുള്ളത് മുൻകാല പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. 2010 ലാണ് ഫെയർ വാല്യു ആദ്യമായി നിശ്ചയിക്കുന്നത്. അതിനുശേഷം 2014-ൽ വർദ്ധനവും മറ്റു കാര്യങ്ങളും വന്നിട്ടുണ്ട്. ഫെയർ വാല്യു നിശ്ചയിക്കുന്നതിനുമുമ്പുള്ള പിരീഡുവരെ രജിസ്ട്രേഷൻ ചെയ്യപ്പെട്ട അനവധി ആധാരങ്ങളെ ബാധിക്കുന്ന തരത്തിലുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. അത് ഒഴിവാക്കണമെന്നാണ് എന്റെ ആവശ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2019-ലെ കേരള ധനകാര്യ ബില്ലിലെ 4-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1959-ലെ കേരള മുദ്രപത്ര ആക്ടിലെ 33 A വകുപ്പ് മതിയായ മുദ്രവില പതിപ്പിക്കാതെ ഏതെങ്കിലും ഡോക്യുമെന്റ് തെറ്റായോ അല്ലെങ്കിൽ മറ്റുവിധത്തിലോ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ഡോക്യുമെന്റ് കക്ഷികളിൽ നിന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതും അത്

impound ചെയ്യാവുന്നതും കുറവായ സ്റ്റാമ്പ് ഡ്യൂട്ടി എത്രയാണെന്ന് വ്യക്തമാക്കിക്കൊണ്ട് കളക്ടർക്ക് അയച്ചുകൊടുക്കാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത ഡോക്യുമെന്റിനെ സംബന്ധിച്ച് അങ്ങനെ deficit ആയ stamped duty എപ്രകാരം ഈടാക്കാമെന്നതു സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്യുന്നത്. 1908-ലെ രജിസ്ട്രേഷൻ ആക്ടിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് മുതലായവ സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്യുന്നത്. മേൽപ്പറഞ്ഞ വ്യവസ്ഥ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ളതല്ല. അതിനാൽ ബില്ലിലെ വ്യവസ്ഥ കേന്ദ്ര ആക്ടായ 1908-ലെ രജിസ്ട്രേഷൻ ആക്ടിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ടുള്ളതോ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമോ അല്ല. 1959-ലെ കേരള മുദ്രപത്ര ആക്ടിൽ 33-ാം വകുപ്പ് പ്രകാരമുള്ള ഒരു പബ്ലിക് ഓഫീസിന്റെ ചുമതലയുള്ള പോലീസ് ഓഫീസർ ഒഴികെയുള്ള ഏതൊരു

ഉദ്യോഗസ്ഥനും അതുപോലെ തെളിവ് സ്വീകരിക്കാൻ അധികാരമുള്ള ഏതൊരു ഉദ്യോഗസ്ഥനും അദ്ദേഹത്തിനുമുൻപിൽ വരുന്ന മതിയായ സ്റ്റാമ്പ് ഡ്യൂട്ടി പതിപ്പിക്കാത്ത ഏത് ഡോക്യുമെന്റും impound ചെയ്യുന്നതിനുള്ള അധികാരവ്യവസ്ഥ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം ഒരാൾ മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത് ആധാരം ഹാജരാക്കുമ്പോൾ മാത്രമേ ഒരു പബ്ലിക് ഓഫീസർക്ക് ആധാരം impound ചെയ്യുവാൻ സാധ്യമാവുകയുള്ളൂ. പ്രസ്തുത വ്യവസ്ഥ നിലനിർത്തിക്കൊണ്ടുതന്നെ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത ആധാരം വിളിച്ചുവരുത്തുന്നതിന് call for inpound ചെയ്യുന്നതിന് ഈ വ്യവസ്ഥപ്രകാരം അധികാരം നൽകുകയാണ് ചെയ്യുന്നത്. മഹാരാഷ്ട്ര സംസ്ഥാന മുദ്രപത്ര ആക്ടിലും സമാനമായ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളുടെ സബ്ജക്ട് കമ്മിറ്റിയിലും ഇതിനെക്കുറിച്ച് ചർച്ചകൾ നടന്നു. ഉദ്യോഗസ്ഥനും രജിസ്റ്റർ ചെയ്യുന്ന ആളും തമ്മിൽ active connivance ഇല്ലാതെ

വില കുറച്ചുകാണിക്കുന്ന ഏർപ്പാട് നടക്കില്ല. അതിനാൽ മുദ്രപത്രത്തിലെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കിയ ആൾ ഇന്നസെന്റും മറ്റെയാൾ എതിർവശത്തുനിൽക്കുന്ന ആളുമായി കാണുന്നത് ശരിയല്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 1959-ലെ കേരള മുദ്രപത്ര ആക്റ്റിൽ 33 A വകുപ്പായി ചേർക്കുന്ന വ്യവസ്ഥ 1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്ന് അറിയിച്ചുകൊള്ളുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ച ക്രമപ്രശ്നത്തിൽ അടങ്ങിയിരിക്കുന്ന വിഷയം നിലവിലുള്ള കേന്ദ്രനിയമത്തിന് എതിരോ സഭയുടെ നിയമനിർമ്മാണാധികാരത്തിന് ലംഘനമോ അല്ലെന്ന് നിയമോപദേശം ലഭ്യമാകുന്ന സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളാണ് ഇനി സംസാരിക്കാനുള്ളത്. സബ്ജക്ട് കമ്മറ്റി II, V, VIII, IX, XIV എന്നീ അഞ്ച് സബ്ജക്ട് കമ്മറ്റികളുടെ സംയുക്ത യോഗമാണ് കേരള

ധനകാര്യ ബിൽ പരിഗണിച്ചത്. അതിൽ മൂന്ന് കമ്മിറ്റികളിലായി ഏഴ് അംഗങ്ങളാണ് റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളത്. വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ വിഷയങ്ങളിൽ ഒതുങ്ങിനിന്ന് പരമാവധി ചുരുക്കി സംസാരിച്ചാൽ നന്നായിരിക്കും.